31793

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്- ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തലങ്ങളിൽ ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

ആഭ്യന്തര (എസ്.സി) വകുപ്പ്.

സ. ഉ. (സാധാ)നം. 2861 /ആഭ്യന്തരം. തീയതി, തിരുവനന്തപുരം. 24.09.2011.

==================================================================

പരാമർശം:- 1) 2011-ലെ കേരള പോലീസ് ആക്റ്റ്

2) സംസ്ഥാന പോലീസ് മേധാവിയുടെ 8.7.2011-ലെ എസ്.5/59726/2011 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2011-ലെ കേരള പോലീസ് ആക്റ്റ് 72-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ട്രാഫിക് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

### <u>ഗ്രാമപഞ്ചായത്ത് തല ട്രാഫിക് ക്രമീകരണ സമിതി</u>

| | |
|---|---|
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | -അദ്ധ്യക്ഷൻ |
| ജില്ലാ മജിസ്ട്രേറ്റിന്റെ പ്രതിനിധി | -അംഗം |
| ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി | - അംഗം |
| പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതിനിധി | - അംഗം |
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധി | - കൺവീനർ |

## മുനിസിപ്പാലിറ്റി തല ട്രാഫിക് ക്രമീകരണ സമിതി

| | |
|---|---|
| മുനിസിപ്പാലിറ്റി ചെയർപേഴ്സൺ | -അദ്ധ്യക്ഷൻ |
| ജില്ലാ മജിസ്ട്രേറ്റിന്റെ പ്രതിനിധി | -അംഗം |
| ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി | - അംഗം |
| പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതിനിധി | - അംഗം |
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധി | - കൺവീനർ |

## കോർപ്പറേഷൻ തല ട്രാഫിക് ക്രമീകരണ സമിതി

| | |
|---|---|
| കോർപ്പറേഷൻ മേയർ | -അദ്ധ്യക്ഷൻ |
| ജില്ലാ മജിസ്ട്രേറ്റിന്റെ പ്രതിനിധി | -അംഗം |
| ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി | - അംഗം |
| പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതിനിധി | - അംഗം |
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധി | - അംഗം |

2011-ലെ കേരള പോലീസ് ആക്റ്റ് 72 (3) വകുപ്പ് പ്രകാരം, ട്രാഫിക് ക്രമീകരണ സമിതി ഓരോ പ്രദേശത്തും 1988-ലെ മോട്ടോർ വാഹന ആക്ടും (1988ലെ 59) 2007-ലെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ടും (2007-ലെ 8) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ പൊതുജനങ്ങൾക്കുണ്ടാകാവുന്ന അപായം, തടസ്സം, അസൗകര്യം മുതലായവ തടയുന്നതിനായി ട്രാഫിക് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിലും ഉത്തരവാകുന്നു. ഈ ഉത്തരവ് ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും പാലിക്കേണ്ടതാണ്.

(എ) പൊതുസ്ഥലങ്ങളിലെ എല്ലാത്തരത്തിലുമുള്ള സമയവും ക്രമീകരിക്കുക.

(ബി) പൊതുനിരത്തിലൂടെ സഞ്ചരിക്കുന്നവരുടെ ശ്രദ്ധതിരിക്കാനോ അവർക്ക് അപകടകരമാകാനോ സാധ്യതയുള്ള രീതിയിൽ ഏതെങ്കിലും വസ്തുവിൽ കാണപ്പെടുന്ന കമാനം, തോരണം, ബാനർ, ഹോർഡിംഗുകൾ, അടയാളങ്ങൾ, പ്രതിരൂപങ്ങൾ, ലൈറ്റ് ഉപയോഗിച്ചുള്ള പ്രദർശനങ്ങൾ, നിർമ്മാണ പ്രവൃത്തി, കച്ചവടം, വെൽഡിംഗ്, അന്തരീക്ഷ മലിനീകരണം, ശബ്ദശല്യം, പാറപൊട്ടിക്കൽ, ഖനനം, പടക്കം പൊട്ടിക്കൽ, പട്ടം പറപ്പിക്കൽ, കരിമരുന്നു പ്രയോഗം എന്നിവ ക്രമീകരിക്കുകയും ആവശ്യമെങ്കിൽ നീക്കം ചെയ്യുകയും ചെയ്യുക .

സി) തെരുവുകളിലൂടെ തടി, കഴ, ഏണി, ഇരുമ്പുപാളി, ബീമുകൾ, ദണ്ഡുകൾ, ബോയിലറുകൾ, കമ്പി, മണ്ണ്, കൈകാര്യം ചെയ്യാൻ പ്രയാസമുള്ള മറ്റു വസ്തുക്കൾ എന്നിവ കൊണ്ടുപോകുന്നതിന്റെ വിധവും രീതിയും ക്രമീകരിക്കുക.

ഡി) റോഡ് ഉപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാവുന്ന സ്ഫോടക വസ്തുക്കളോ അല്ലെങ്കിൽ ഹാനീകരമായ രാസവസ്തുക്കളോ പൊതുസ്ഥലങ്ങളിലൂടെ കൊണ്ടുപോകുന്നത് ക്രമീകരിക്കുക.

(ഇ) നിലംപതിക്കാൻ പോകുന്ന കെട്ടിടങ്ങളിൽ നിന്നോ മറ്റു കാരണങ്ങളാലോ ഉള്ള അപകടം ഉണ്ടാകുമെന്നു ന്യായമായ ബോധ്യമുള്ള സാഹചര്യങ്ങളിൽ ചില തെരുവുകൾ അടച്ചിടുകയോ ചില സ്ഥലങ്ങളിലേക്ക് ആരും പ്രവേശിക്കരുതെന്ന് നിഷ്കർഷിക്കുകയോ ചെയ്യുക.

(എഫ്) റോഡരികിൽ സ്ഥിതിചെയ്യുന്ന സ്വകാര്യ കെട്ടിടത്തിലേക്കും സ്ഥലത്തേക്കും തെരുവിൽ നിന്നും പൊതുസ്ഥലത്തുനിന്നും ഉള്ള പ്രവേശനത്തിന്റെ രീതിയും മാർഗ്ഗവും ക്രമീകരിക്കുക.

(ജി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിനോ പോലീസ് വകുപ്പിനോ ഏതെങ്കിലും സാമ്പത്തിക ബാധ്യത വരുത്താതെ പൊതുജനങ്ങൾക്ക് ഗതാഗത നടത്തിപ്പിൽ സ്വമേധയാ സഹായിക്കാവുന്ന രീതി നിശ്ചയിക്കുക.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
കെ. ജയകുമാർ.
അഡീഷണൽ ചീഫ് സെക്രട്ടറി.

പോലീസ് ഡയറക്ടർ ജനറൽ,തിരുവനന്തപുരം.
എല്ലാ ജില്ലാ പോലീസ് മേധാവിക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ
മുനിസിപ്പൽ ഡയറക്ടർ
കോർപ്പറേഷൻ സെക്രട്ടറിമാർ
ട്രാൻസ്പോർട്ട് കമ്മീഷണർ
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്.
ഗതാഗത വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ,വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.
(ഒപ്പ്)
സെക്ഷൻ ഓഫീസർ.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വെള്ളി<br><br>Thiruvananthapuram,<br>Friday | 2020 ഏപ്രിൽ 17<br>17th April 2020<br>1195 മേടം 4<br>4th Medam 1195<br>1942 ചൈത്രം 28<br>28th Chaithra 1942 | നമ്പർ<br>No. | 1056 |

### കേരള സർക്കാർ

ആഭ്യന്തര (ഇ) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 18/2020/ആഭ്യന്തരം

*തിരുവനന്തപുരം, 2020 ഏപ്രിൽ 16*
*1195 മേടം 3*

**എസ്. ആർ. ഒ. നമ്പർ 275/2020**

2011–ലെ കേരള പോലീസ് ആക്റ്റിലെ (2011–ലെ 8) 129–ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത് :–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2020–ലെ കേരള പോലീസ് ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.– (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,–

(എ) "ആക്റ്റ് " എന്നാൽ 2011–ലെ കേരള പോലീസ് ആക്റ്റ് (2011–ലെ 8) എന്നർത്ഥമാകുന്നു;

(ബി) "ഫാറം" എന്നാൽ ഈ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(സി) "ഫണ്ട്" എന്നാൽ ആക്റ്റിലെ 127-ാം വകുപ്പ് പ്രകാരമുള്ള ക്രിമിനൽ ജസ്റ്റിസ് മിസ്സലേനിയസ് എക്സ്പെൻസസ് ഫണ്ട് എന്നർത്ഥമാകുന്നു;

(ഡി) "പെർമിറ്റ് " എന്നാൽ ആക്റ്റിലെ 73–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം നല്കിയിട്ടുള്ള പെർമിറ്റ് എന്നർത്ഥമാകുന്നു;

(ഇ) "പൊതുസുരക്ഷ" എന്നാൽ പൊതുജനങ്ങളുടെ സുരക്ഷിതത്വം അഥവാ അപകടത്തിൽ നിന്നോ ആക്രമണത്തിൽ നിന്നോ ഉള്ള അവരുടെ സുരക്ഷ എന്നർത്ഥമാകുന്നു;

(എഫ്) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

3. കേസ് അന്വേഷണത്തിനായി ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്ന്.– സംസ്ഥാന പോലീസ് മേധാവിക്കും ജില്ലാ പോലീസ് മേധാവിക്കും അവരുടെ നിയന്ത്രണത്തിലുള്ള കീഴുദ്യോഗസ്ഥരെ ഏതെങ്കിലും കേസിന്റെ അന്വേഷണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്.

4. പോലീസിന് സഹായം നൽകുന്നവർക്ക് നിശ്ചിത തുക നല്കണമെന്ന്.– ആക്റ്റിലെ 35–ാം വകുപ്പ് (3)–ാം ഉപവകുപ്പ് പ്രകാരം ഒരാൾ പോലീസിനെ സഹായിക്കുകയും അതുമൂലം വേതനം നഷ്ടപ്പെടുകയും ചെയ്യുന്ന പക്ഷം, അങ്ങനെ നഷ്ടം സംഭവിക്കുന്ന ആൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക നല്കുവാൻ സംസ്ഥാന പോലീസ് മേധാവിക്കോ അദ്ദേഹം ഇതിലേയ്ക്കായി അധികാരപ്പെടുത്തിയിട്ടുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉദ്യോഗസ്ഥനോ അധികാരമുണ്ടായിരിക്കുന്നതാണ്.

5. അവകാശികളില്ലാത്ത ജംഗമവസ്തുക്കളെ സംബന്ധിച്ച നോട്ടീസ്.- അവകാശികളില്ലാത്ത ജംഗമവസ്തുക്കൾ കയ്യൊഴിക്കുന്ന ആവശ്യത്തിലേക്കായി ഫാറം 1 – ൽ സ്റ്റേഷൻ ഹൗസ് ഓഫീസർ ജില്ലാ പോലീസ് മേധാവിക്ക് അറിയിപ്പ് നല്കേണ്ടതും ഫാറം 2 – ൽ ലേലത്തിനുള്ള വിൽപ്പന വിളംബരം മുഖേന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. ട്രാഫിക്ക് ക്രമീകരണ സമിതികൾ.– (1) ആക്റ്റിലെ 72–ാം വകുപ്പ്, (6)–ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ജില്ലയിലെ ട്രാഫിക്ക് ക്രമീകരണ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്ക് മൊത്തമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ട്രാഫിക്ക് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു ജില്ലാതല ട്രാഫിക് ക്രമീകരണസമിതി സർക്കാർ രൂപീകരിക്കേണ്ടതാണ്, അതായത്:–

ജില്ലാ ട്രാഫിക്ക് ക്രമീകരണ സമിതി

| | | | |
|---|---|---|---|
| (i) | ജില്ലാ മജിസ്ട്രേറ്റ് | : | അദ്ധ്യക്ഷൻ |
| (ii) | ജില്ലയിലെ പാർലമെന്റ് അംഗങ്ങൾ | : | അംഗം |
| (iii) | ജില്ലയിലെ നിയമസഭാംഗങ്ങൾ | : | അംഗം |
| (iv) | ജില്ലാ പോലീസ് മേധാവി | : | അംഗം/ കൺവീനർ |
| (v) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | : | അംഗം |
| (vi) | പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | : | അംഗം |

(2)ട്രാഫിക്ക് കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ട്രാഫിക്ക് ക്രമീകരണ സമിതികൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ ജില്ലാ പോലീസ് മേധാവി രൂപീകരിക്കേണ്ടതാണ്, അതായത് :–

എ) കോർപ്പറേഷൻ ട്രാഫിക് ക്രമീകരണ സമിതി

| | | |
|---|---|---|
| (i) കോർപ്പറേഷൻ മേയർ | : | അദ്ധ്യക്ഷൻ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ജില്ലാ മജിസ്ട്രേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(iii) ജില്ലാ പോലീസ് മേധാവി നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം/കൺവീനർ

(iv) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(v) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

ബി) മുൻസിപ്പാലിറ്റി ട്രാഫിക് ക്രമീകരണ സമിതി

(i) മുനിസിപ്പാലിറ്റി അദ്ധ്യക്ഷൻ : അദ്ധ്യക്ഷൻ

(ii) ജില്ലാ മജിസ്ട്രേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(iii) ജില്ലാ പോലീസ് മേധാവി നാമ നിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം/ കൺവീനർ

(iv) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(v) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

സി) ഗ്രാമ പഞ്ചായത്ത് ട്രാഫിക്ക് ക്രമീകരണ സമിതി

(i) ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് : അദ്ധ്യക്ഷൻ

(ii) ജില്ലാ മജിസ്ട്രേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(iii) ജില്ലാ പോലീസ് മേധാവി നാമ നിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം/ കൺവീനർ

(iv) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(v) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(3) (2)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള ട്രാഫിക് ക്രമീകരണ സമിതികളുടെ പ്രാദേശിക അധികാരപരിധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിക്ക് സമാനമായിരിക്കുന്നതാണ്.

(4) 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെയും (1988-ലെ 59), 2007-ലെ കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായി ട്രാഫിക്ക് നിയന്ത്രണവും സജ്ജീകരണങ്ങളും സാധ്യമാക്കുന്നതിന് (1)-ഉം (2)-ഉം ഉപചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വിവിധ ട്രാഫിക്ക് ക്രമീകരണ സമിതികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് തടസമുണ്ടാക്കുന്നതോ പരിക്ക് പറ്റുവാൻ ഇടയാക്കുകയോ ചെയ്യാവുന്ന ട്രാഫിക് സംഭവങ്ങൾ ഇല്ലാതാക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും ട്രാഫിക് ക്രമീകരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതും അവയുടെ അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളും പൊതുജനങ്ങളും പാലിക്കേണ്ടതുമാണ്.

(5) ട്രാഫിക്ക് ക്രമീകരണ സമിതികൾ മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

7. <u>കായിക പരിശീലനത്തിനുള്ള പെർമിറ്റ്</u>.- (1) കായിക പരിശീലന നിയന്ത്രണത്തിന് ഫാറം 5-ൽ പെർമിറ്റ് നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. പെർമിറ്റ് ലഭിക്കുന്നതിനായി അപേക്ഷകൻ ഫാറം 3-ൽ അപേക്ഷ നല്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരമുള്ള പെർമിറ്റ് നൽകുന്നതിന് മുൻപ് കായിക പരിശീലനത്തിന്റെ ആവശ്യകതയെയും ഔചിത്യത്തെയും കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്:

എന്നാൽ, രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടുന്ന യാതൊരാൾക്കും പെർമിറ്റ് നല്കുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) (1)–ാം ഉപചട്ടപ്രകാരമുള്ള പെർമിറ്റിന്റെ കാലാവധി രണ്ടു വർഷം ആയിരിക്കുന്നതാണ്.

(4) പെർമിറ്റ് പുതുക്കുന്നതിനായി നിലവിലുള്ള പെർമിറ്റിന്റെ കാലാവധി തീരുന്നതിന് മുപ്പത് ദിവസം മുമ്പ് ഈ ചട്ടങ്ങളിലെ ഫാറം 4 – ൽ അപേക്ഷ നൽകേണ്ടതാണ്.

(5) പെർമിറ്റ് ലഭിക്കുന്നതിനും അത് പുതുക്കുന്നതിനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് അപേക്ഷകൻ നല്കേണ്ടതാണ്.

(6) കായിക പരിശീലന കേന്ദ്രത്തിൽ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്, അതായത് :–

എ. *പരിശീലനം നേടുന്നവരെ സംബന്ധിച്ച രജിസ്റ്റർ.–* പരിശീലനം നേടുന്ന ആളിന്റെ പേര്, ഫോട്ടോ, മേൽവിലാസം, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പരിശീലനം നേടുന്ന ആൾ പ്രായപൂർത്തിയാകാത്തിടത്ത്, രക്ഷകർത്താവിന്റെ സമ്മതപത്രം രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കേണ്ടതാണ്. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പക്ഷം, പ്രസ്തുത വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബി. *പരിശീലകരെ സംബന്ധിച്ച രജിസ്റ്റർ.–* പരിശീലകരുടെ പേര്, ഫോട്ടോ, മേൽവിലാസം, പ്രായം, വിദ്യാഭ്യാസ യോഗ്യത, പരിശീലനം നടത്തുന്നതിനുള്ള യോഗ്യത എന്നിവയും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പക്ഷം പ്രസ്തുത വിവരവും ഈ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി. *ഹാജർ രജിസ്റ്റർ.–* പരിശീലനം നേടുന്നവരുടെയും പരിശീലകരുടെയും ഹാജർ സംബന്ധമായ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഡി. *ഫീസ് വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ.–* പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിനായി ലഭിക്കുന്ന ഫീസിന്റെ വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇ. *പരിശീലനത്തിനുള്ള ഉപകരണങ്ങൾ സംബന്ധിച്ച രജിസ്റ്റർ.–* പരിശീലനത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ വിശദവിവരങ്ങൾ ഈ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(7) രാവിലെ 5 മണിക്കു മുമ്പും രാത്രി 9 മണിക്കു ശേഷവും കായിക പരിശീലനം നടത്തുവാൻ പാടുള്ളതല്ല.

8. <u>പോലീസ് ഉദ്യോഗസ്ഥർക്കുള്ള അധികാരത്തിന്റെ രേഖ നിയമനാധികാരി നല്കേണ്ടതാണെന്ന്</u> .–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്റ്റിലെ 88-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരത്തിന്റെ രേഖ നൽകുവാനുള്ള അധികാരം ബന്ധപ്പെട്ട നിയമനാധികാരിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

9. <u>പോലീസ് അസോസിയേഷനുകൾ നിലവിലുള്ള നിയമങ്ങൾക്കും സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കണമെന്ന്</u> .- (1) പോലീസ് ഉദ്യോഗസ്ഥരുടെ പൊതുവായ ക്ഷേമ പ്രവർത്തനങ്ങൾക്കായി വ്യത്യസ്ത റാങ്കുകളിലും വിഭാഗങ്ങളിലുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് നിലവിലുള്ള നിയമങ്ങൾക്കും സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി, പോലീസ് സേനയുടെ അച്ചടക്കത്തിന് കോട്ടം വരാത്തവിധം പോലീസ് അസോസിയേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

(2) യാതൊരു വിധ രാഷ്ട്രീയ പ്രവർത്തനങ്ങളിലും പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുവാനോ ബന്ധപ്പെടുവാനോ പാടുള്ളതല്ല.

(3) പോലീസ് അസോസിയേഷനിലെ അംഗങ്ങളുടെയും ഭാരവാഹികളുടെയും പ്രവർത്തനം മൂലം ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്കും ചുമതലകൾക്കും യാതൊരു തരത്തിലുള്ള വീഴ്ചകളും ഭംഗങ്ങളും സംഭവിക്കാൻ പാടുള്ളതല്ല.

(4) രണ്ടുവർഷത്തിൽ കൂടുതൽ തുടർച്ചയായി ഒരംഗം ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ പോലീസ് അസോസിയേഷൻ ഭാരവാഹിത്വം വഹിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഒരാൾക്ക് വീണ്ടും അസോസിയേഷന്റെ ഭാരവാഹിത്വം വഹിക്കുന്നതിന് തടസമുണ്ടായിരിക്കുന്നതല്ല.

(5) പോലീസ് അസോസിയേഷന്റെ യാതൊരു ഭാരവാഹിയും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി കൂടാതെ പത്ര, ദൃശ്യ, സാമൂഹ്യമാധ്യമങ്ങളുമായി ആശയ വിനിമയം നടത്തുകയോ ഏതെങ്കിലും വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(6) പോലീസ് അസോസിയേഷനുകൾ പോലീസ് സേനാംഗങ്ങളിൽ നിന്നും നിർബന്ധിതമായ പണപ്പിരിവ് നടത്തുവാൻ പാടുള്ളതല്ല.

(7) പോലീസ് അസോസിയേഷനുകൾ സ്വകാര്യ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ പണമോ വസ്തുക്കളോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ സ്വീകരിക്കുവാൻ പാടുള്ളതല്ല.

(8) പോലീസ് അസോസിയേഷനുകളുടെ സമ്മേളനങ്ങൾ ഒരു ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9) പോലീസ് സർവ്വീസിൽ നിലവിലുള്ള പോലീസ് സേനാംഗമല്ലാത്ത യാതൊരാളും അസോസിയേഷനുകളിൽ അംഗത്വമോ ഭാരവാഹിത്വമോ വഹിക്കുവാൻ പാടുള്ളതല്ല.

10. <u>കുറ്റങ്ങൾ രാജിയാക്കൽ</u>.– ആക്റ്റ് പ്രകാരമുള്ള കൊഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങൾ രാജിയാക്കുന്നതിന് താഴെപറയുന്ന കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്, അതായത്:–

| വകുപ്പ് | കുറ്റം | കോമ്പൗണ്ടിംഗ് ഫീസ് (രൂപ) | രാജിയാക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ |
|---|---|---|---|
| (1) | (2) | (3) | (4) |
| 117(എ) | പോലീസ് സേനയിലെ ഏതൊരംഗത്തെയും അയാളുടെ സേവനങ്ങളെ തടയുന്നതിനോ അച്ചടക്കലംഘനം നടത്തുന്നതിനോ പ്രേരിപ്പിക്കുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(ബി) | പോലീസിന്റേതായ ഏതെങ്കിലും ചുമതലയോ അധികാരമോ നിയമവിരുദ്ധമായി ഏറ്റെടുക്കുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(സി) | നിർദോഷമായി വിനോദ ആവശ്യത്തിനൊഴികെ പോലീസ് ഉദ്യോഗസ്ഥനായി ആൾമാറാട്ടം നടത്തുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(ഡി) | ഒരു അന്വേഷണത്തിലോ യഥാവിധിയായ പോലീസിന്റെ കൃത്യനിർവ്വഹണത്തിലോ സാരവത്തായ വിവരങ്ങളിൽ പോലീസ് അന്വേഷണത്തെ വഴി തെറ്റിക്കുക എന്ന ഉദ്ദേശ്യത്തോടെ തെറ്റായ സ്റ്റേറ്റ്മെന്റ് മനഃപൂർവ്വം ഒരു പോലീസ് ഉദ്യോഗസ്ഥന് നൽകുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(ഇ) | ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതെങ്കിലും കൃത്യനിർവ്വഹണത്തിൽ നിന്നും തടയണമെന്ന പ്രത്യക്ഷമായ ഉദ്ദേശ്യത്തോടെ ഭീഷണിപ്പെടുത്തുക അല്ലെങ്കിൽ തടയുക അല്ലെങ്കിൽ കയ്യേറ്റം ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(എ) | പൊതുസ്ഥലത്ത് ലഹരിക്കടിമപ്പെട്ട നിലയിലോ ലഹളയുണ്ടാക്കുന്നവനായോ സ്വയം തന്നെ ശ്രദ്ധിക്കാൻ അശക്തനായോ കാണപ്പെടുക | 1000 | ജില്ലാ പോലീസ് മേധാവി |
| 118(ബി) | അറിഞ്ഞു കൊണ്ട് പോലീസിനെയോ ഫയർ സർവ്വീസിനെയോ മറ്റേതെങ്കിലും അവശ്യസർവ്വീസിനെയോ വഴി തെറ്റിക്കാൻ കിംവദന്തി | 5000 | ജില്ലാ പോലീസ് മേധാവി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | പരത്തുകയോ വ്യാജമായി അപകടസൂചന നൽകുകയോ ചെയ്യുക | | |
| 118(സി) | അറിഞ്ഞു കൊണ്ട് മനപൂർവ്വമായും പൊതുജനങ്ങൾക്കിടയിൽ പൊതു പരിഭ്രാന്തിയുണ്ടാക്കുവാനായി ഒരു അവശ്യ സർവ്വീസിന് കേട് വരുത്തുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(ഇ) | അറിഞ്ഞുകൊണ്ട് പൊതുജനങ്ങൾക്ക് അപായമുണ്ടാക്കുന്നതോ പൊതു സുരക്ഷയിൽ വീഴ്ചയുണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(എഫ്) | നിയമാനുസൃതം അങ്ങനെ ചെയ്യാൻ അധികാരപ്പെടുത്താതെ സ്ഫോടക വസ്തുക്കളോ അപകടകരമായ പദാർത്ഥങ്ങളോ കടത്തിക്കൊണ്ടുപോകുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(ജി) | ഒരു ഗുണ്ടയോ റൗഡിയോ ആയിരിക്കെ 2007-ലെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിൽ (2007-ലെ 34) നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനം സുസാദ്ധ്യമാക്കുന്നതിനായി സമീപപ്രദേശത്ത് ഏതെങ്കിലും കുറ്റകൃത്യത്തിന് ഉപയോഗിക്കാൻ ഉപയുക്തമായ സാമഗ്രികൾ കൈവശം വച്ചുകൊണ്ട് സംശയാസ്പദമായ സാഹചര്യങ്ങളിൽ ഒരു പൊതുസ്ഥലത്ത് കാണപ്പെടുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(എച്ച്) | 73-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, അതിന് വിരുദ്ധമായി കായിക പരിശീലനം നൽകുകയോ, ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(ഐ) | പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ലഹരി പദാർത്ഥങ്ങളോ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളോ പദാർത്ഥങ്ങളോ നൽകുകയോ വില്ക്കുകയോ അതിനായി സ്കൂൾ പരിസരത്ത് സംഭരിക്കുകയോ ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 119(2) | ബന്ധപ്പെട്ട സേവനദാതാവിനോടോ, പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ അവരുടെ സാന്നിദ്ധ്യത്തിൽ 119-ാം വകുപ്പ്(1)-ാം | 5000 | ജില്ലാ പോലീസ് മേധാവി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം നടന്നുവെന്ന് പ്രസ്തുത കുറ്റത്തിനിരയായ സ്ത്രീ പരാതിപ്പെടുകയാണെങ്കിൽ അവർ തത്സമയം കുറ്റകൃത്യം തടയുവാനോ അല്ലെങ്കിൽ അതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനോ ന്യായമായ നടപടി സ്വീകരിക്കാതെ ബോധപൂർവ്വം വീഴ്ച വരുത്തുകയും ചെയ്യുക | | |
| 120 (എ) | ഒരു പൊതുസ്ഥലത്ത്, പൊതുജനങ്ങൾക്ക് അസഹ്യതയോ അസൗകര്യമോ ഉണ്ടാക്കിക്കൊണ്ട് ഫർണിച്ചർ സാധനങ്ങളോ വാഹനമോ വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ കശാപ്പ് ചെയ്യുകയോ ശവം വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ പരിപാലിക്കുകയോ ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ബി) | പൊതുജനത്തിന് തടസ്സമോ അസൗകര്യമോ അപായമോ ഉണ്ടാക്കുന്ന രീതിയിൽ ഏതെങ്കിലും വാഹനത്തേയോ ഗതാഗത ഉപാധിയേയോ നിലകൊള്ളാൻ കാരണമാവുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(സി) | ഒരു ട്രാഫിക്ക് ചിഹ്നത്തെയോ സൈൻ ബോർഡിനേയോ അതിന്റെ ദൃശ്യത്തെയോ പാരായണ ക്ഷമതയെയോ കുറച്ചുകൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഡി) | ഉടമസ്ഥന്റേയോ സൂക്ഷിപ്പുകാരന്റെയോ മുൻകൂർ അനുവാദമില്ലാതെ ഭിത്തികൾ, കെട്ടിടങ്ങൾ അല്ലെങ്കിൽ മറ്റു നിർമ്മിതികൾ എന്നിവയെ വികൃതമാക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഇ) | ജലസ്രോതസ്സുകളേയോ ജലവിതരണത്തേയോ മലിനമാക്കുകയോ പൊതു ശുചീകരണ നപടികളെ തടസ്സപ്പെടുത്തുകയോ പൊതു സ്ഥലങ്ങൾ വൃത്തിഹീനമാക്കുകയോ നിയമ വിരുദ്ധമായി പരിസ്ഥിതിക്ക് സാരമായ കേടുണ്ടാക്കുകയോ ചെയ്യുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എഫ്) | ഒരു സർക്കാർ കെട്ടിടത്തിലോ സർക്കാർ ഭൂമിയിലോ അതിക്രമിച്ചു കടക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120 (ജി) | മോട്ടോർ ഘടിപ്പിക്കാത്ത ഏതൊരു വാഹനവും സൂര്യാസ്തമയത്തിന് അര മണിക്കൂറിന് ശേഷവും സൂര്യോദയത്തിന് ഒരു മണിക്കൂറിന് മുൻപും ഉള്ള ഏതൊരു സമയത്തും ആവശ്യമായ വെളിച്ചമില്ലാതെ | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | ഓടിച്ചുകൊണ്ടോ വലിച്ചുകൊണ്ടോ തള്ളിക്കൊണ്ടോ പോവുക | | |
| 120(എച്ച്) | വ്യതിചലനത്തിന് യഥാർത്ഥമായ ആവശ്യമോ തക്കതായ കാരണമോ ഇല്ലാതെ മോട്ടോർ ഘടിപ്പിക്കാത്ത ഏതെങ്കിലും വാഹനം തെരുവിൽ ഓടിച്ചോ വലിച്ചു കൊണ്ടോ തള്ളിക്കൊണ്ടോ പോകുമ്പോൾ,– i) മറ്റേതെങ്കിലും വാഹനത്തെ മറികടന്നു പോകുമ്പോൾ അതിന്റെ വലതു ഭാഗത്തിലൂടെയും ii) മറ്റേതെങ്കിലും വാഹനം എതിരെ വരുമ്പോൾ തെരുവിന്റെ ഇടതുവശം ചേർന്നും, പോകാതിരിക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഐ) | വാഹനത്തിന്റെയോ വാഹനങ്ങളുടെയോ മുന്നിൽ നിന്നും അല്ലെങ്കിൽ പിന്നിൽ നിന്നും അഞ്ച് അടി കവിഞ്ഞ് തള്ളി നിൽക്കുന്ന ഏതെങ്കിലും സാധനം വെച്ചിട്ടുള്ള വാഹനമോ വാഹനങ്ങളോ തെരുവിലൂടെ കടത്തുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ജെ) | ഏതെങ്കിലും മൃഗത്തെയോ വാഹനത്തെയോ ഓടിക്കുന്നതിലോ നോക്കി നടത്തുന്നതിലോ ശ്രദ്ധിക്കുന്നതിലോ സംഭവിച്ച എന്തെങ്കിലും ഉദാസീനത മൂലമോ തെറ്റായ ഉപയോഗം മൂലമോ എന്തെങ്കിലും പരിക്കോ കേടുപാടോ ഉണ്ടാകുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(കെ) | പൊതുസ്ഥലത്ത് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്ന വിധം ബോധപൂർവ്വം മലമൂത്രവിസർജ്ജനം ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എൽ) | തന്റെ കരുതലിലോ നിയന്ത്രണത്തിലോ ഉള്ളതും അരുമയായി വളർത്തുന്നതുമായ മൃഗങ്ങളെ തക്കതായി ശ്രദ്ധിക്കാതിരിക്കുകയും അയൽവാസികൾക്കോ പൊതുജനങ്ങൾക്കോ അസൗകര്യങ്ങൾ ഉണ്ടാക്കുന്ന വിധം അവയെ അലക്ഷ്യമായി വിടുകയും ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എം) | ഉടമസ്ഥന്റെ അറിവും സമ്മതവുമില്ലാതെ പ്രകടമായി പതിനാല് വയസ്സിന് താഴെയുള്ള കുട്ടികളിൽ നിന്നും ആഭരണം, വാച്ച്, പേന, സൈക്കിൾ, പാത്രം അല്ലെങ്കിൽ വിലപിടിപ്പുള്ള മറ്റു സാധനം എന്നിവ വാങ്ങുകയോ അത്തരം ആളിൽ നിന്ന് ഏതെങ്കിലും സാധനം പണയത്തിന്മേലോ ഈടിന്മേലോ എടുക്കുകയോ ചെയ്യുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എൻ) | വേണ്ടത്ര മുൻകരുതലില്ലാതെയും പൊതു സുരക്ഷ | 1000 | സ്റ്റേഷൻ ഹൗസ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | കണക്കിലെടുക്കാതെയും അയാൾക്ക് നിയന്ത്രണമുള്ള സ്ഥലത്തോ പരിസരത്തോ അപകടകരമായ എന്തെങ്കിലും പ്രവർത്തി ചെയ്യുകയോ ചെയ്യാൻ അനുവദിക്കുകയോ ചെയ്യുക | | ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഒ) | ഏതെങ്കിലും തരത്തിലുമുള്ള വിനിമയോപാധിയിലൂടെ ആവർത്തിച്ചുള്ളതോ അനഭിമതമായതോ അജ്ഞാതമായതോ ആയ വിളി, കത്ത്, എഴുത്ത്, സന്ദേശം, ഇ–മെയിൽ എന്നിവ വഴിയോ ദൂതൻ വഴിയോ സ്വയം ഏതെങ്കിലും ഒരാളിന് ശല്യമായി തീരുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(പി) | ഏതെങ്കിലും പൊതുസ്ഥലത്ത് പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സേവനം ക്രമപ്രകാരം കൊടുക്കുവാനോ സ്വീകരിക്കുവാനോ ഉപയോഗിക്കുവാനോ വേണ്ടി രൂപീകരിച്ച ഏതെങ്കിലും ക്യൂ തെറ്റിക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ക്യൂ) | മാനനഷ്ടമുണ്ടാക്കുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ ഏതെങ്കിലും രേഖ രചയിതാവിന്റെ തിരിച്ചറിയൽ മറച്ചുവെച്ച് എവിടെയെങ്കിലും ഒട്ടിച്ചു വെയ്ക്കുകയോ പതിക്കുകയോ ചെയ്യുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 121 | ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയോ ഉത്തരവിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |

11. കോഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ.–

(1) കോഗ്നൈസിബിൾ അല്ലാത്ത ഏതെങ്കിലും കുറ്റത്തെ സംബന്ധിച്ച് ഏതെങ്കിലും ആളിന് പട്ടിക ബി അനുസരിച്ച് നോട്ടീസ് നൽകുമ്പോൾ, അയാൾക്ക് പട്ടിക സി പ്രകാരമുള്ള താൽപര്യ പത്രത്തിന്റെ പകർപ്പും നൽകേണ്ടതാണ്.

(2) (1)–ാം ഉപചട്ടപ്രകാരം അപ്രകാരം നോട്ടീസ് നല്കുകയും പട്ടിക സി പ്രകാരമുള്ള താല്പര്യ പത്രത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ കുറ്റാരോപിതന് സമ്മതവുമുള്ള പക്ഷം, സ്റ്റേഷൻ ഹൗസ് ഓഫീസർ അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കിക്കൊണ്ട് പട്ടിക ഡി അനുസരിച്ച് ഉത്തരവ് നല്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) (1)-ഉം (2)-ഉം ഉപചട്ടങ്ങളിലെ നോട്ടീസ് നല്കലും അവയുടെ രാജിയാക്കലും സംബന്ധിച്ച എല്ലാ വിവരങ്ങളും പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്ന സാധാരണ പെറ്റി കേസ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(4) അങ്ങനെയുള്ള രാജിയാക്കൽ തുക ടി. ആർ 5 രസീത് മുഖേന കുറ്റാരോപിതനിൽ നിന്നും ഈടാക്കി കൈപ്പറ്റ രസീത് നൽകേണ്ടതാണ്. പ്രസ്തുത തുക ഓൺലൈൻ മുഖേനയും അടയ്ക്കാവുന്നതാണ്.

(5) അങ്ങനെയുള്ള രാജിയാക്കൽ തുക എത്രയും പെട്ടെന്ന് നിർദ്ദിഷ്ട ശീർഷകത്തിൻ കീഴിൽ വരവ് വച്ചുകൊണ്ട് ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

12. <u>കൊഗ്നൈസിബിൾ കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>.-

(1) 126-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള, കൊഗ്നൈസിബിളും രാജിയാക്കാവുന്നതുമായ കുറ്റങ്ങളുടെ സംഗതിയിൽ, പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ മറ്റു വിധത്തിൽ കുറ്റാരോപിതന് പട്ടിക സി പ്രകാരം അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷകളിൽമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകേണ്ടതും രാജിയാക്കൽ ആവശ്യപ്പെടുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് അഭിപ്രായ സഹിതം സ്റ്റേഷൻ ഹൗസ് ഓഫീസർ ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടപ്രകാരം കുറ്റാരോപിതന്റെ അപേക്ഷയും സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ച് ജില്ലാ പോലീസ് മേധാവിക്ക് അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കിക്കൊണ്ട് പട്ടിക ഡി പ്രകാരം ഉത്തരവ് നല്കാവുന്നതും പ്രസ്തുത ഉത്തരവ് നിർദ്ദിഷ്ട തുക ഈടാക്കുന്നതിലേയ്ക്കായി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

(3) അങ്ങനെയുള്ള രാജിയാക്കലുകളെ സംബന്ധിച്ച വിവരങ്ങൾ പ്രഥമ വിവര റിപ്പോർട്ട് സൂചികയിലും രാജിയാക്കൽ കേസ്സുകളുടെ രജിസ്റ്ററിലും ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. രാജിയാക്കലിന്റെ പൊതുവായ നിർദ്ദേശങ്ങൾ.– (1) സബ് ഇൻസ്പെക്ടർ പദവിയിൽ താഴെയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം നടന്നതായി കണ്ടെത്തുന്ന പക്ഷം, ആ ഉദ്യോഗസ്ഥന് പട്ടിക എ അനുസരിച്ചുള്ള ഒരു റിപ്പോർട്ട് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പട്ടിക ബി അനുസരിച്ചുള്ള നോട്ടീസ് കുറ്റാരോപിതന് നൽകുകയോ അല്ലെങ്കിൽ ഒരു പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം നടന്നതായി ഒരു പോലീസ് സബ് ഇൻസ്പെക്ടർ കണ്ടെത്തുന്ന പക്ഷം ആ ഉദ്യോഗസ്ഥന് ഒരു റിപ്പോർട്ട് പട്ടിക എ അനുസരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകുകയോ അല്ലെങ്കിൽ ഒരു പ്രാഥമിക അന്വേഷണ റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) കൊഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങളുടെ സംഗതിയിൽ, നോട്ടീസ് ലഭിച്ച് മുപ്പത് ദിവസത്തിനകം രാജിയാക്കുന്നതിനുള്ള സന്നദ്ധത കുറ്റാരോപിതൻ അറിയിക്കാത്ത പക്ഷം അനന്തരനടപടികൾക്കായി റിപ്പോർട്ട് ബന്ധപ്പെട്ട കോടതിക്ക് അയക്കേണ്ടതാണ്. കൊഗ്നൈസിബിൾ കുറ്റങ്ങളുടെ സംഗതിയിൽ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തതിനുശേഷം മുപ്പത് ദിവസത്തിനകം രാജിയാക്കുന്നതിനുള്ള സന്നദ്ധത കുറ്റാരോപിതൻ അറിയിക്കാത്തിടത്ത്, കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

14. രാജിയാക്കലിനെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കണമെന്ന്.– ആക്റ്റ് പ്രകാരം കൊഗ്നൈസിബിളും കൊഗ്നൈസിബിൾ അല്ലാത്തതുമായ കുറ്റങ്ങൾ രാജിയാക്കലുമായി ബന്ധപ്പെട്ട രേഖകൾ, കേരളാ പോലീസ് മാനുവലിൽ പെറ്റികേസ് രജിസ്റ്ററുകളിലും കുറ്റപത്രങ്ങളിലും വ്യക്തമാക്കിയിട്ടുള്ള കാലയളവുവരെയോ അല്ലെങ്കിൽ ഇക്കാര്യത്തിലേയ്ക്കായി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവ് വരെയോ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം

ഫാറം 1

(ചട്ടം 5 കാണുക)

പ്രേഷകൻ

സ്റ്റേഷൻ ഹൗസ് ഓഫീസർ
…........................പോലീസ് സ്റ്റേഷൻ
…........................ജില്ല

സ്വീകർത്താവ്

ജില്ലാ പോലീസ് മേധാവി

…...............................ജില്ല

(അംഗീകൃതമാർഗ്ഗം)

സർ,

വിഷയം:– അവകാശികളില്ലാത്ത വസ്തുക്കളുടെ കാര്യത്തിൽ പോലീസ് നടപടിക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:– 2011–ലെ കേരളാ പോലീസ് ആക്റ്റിലെ (2011–ലെ 8) 56–ാം വകുപ്പ്

സൂചനയിലേക്ക് ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

താഴെ വിവരിക്കുന്ന വസ്തുക്കൾ ദീർഘകാലമായി പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചു വരുന്നതും നാശോൻമുഖമായിക്കൊണ്ടിരിക്കുന്നതുമാണ്. ടി വസ്തുക്കൾ പോലീസിന്റെ കൈവശത്തിൽ എത്തിച്ചേർന്നിട്ടുള്ളതും, നാളിതുവരെ അവകാശികളില്ലാത്തതും അല്ലെങ്കിൽ ആയത് ഏറ്റെടുക്കുന്നതിന് നിരസിച്ചിട്ടുള്ളതുമാണ്. മേൽപറഞ്ഞ ആക്റ്റിലെ 56–ാം വകുപ്പ് (2)–ാം ഉപവകുപ്പ് പ്രകാരം തദ്ദേശീയനും ആദരണീയരുമായ പേര്….......................................................................................................................... മേൽവിലാസം…...................................................................................... ഫോൺനമ്പർ …............................ എന്ന ആളെ കൊണ്ട് ഉദ്ദേശ കമ്പോള വില നിശ്ചയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടി വസ്തുക്കൾ നിയമപ്രകാരം ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് സവിനയം അപേക്ഷിച്ചു കൊള്ളുന്നു.

സ്ഥലം : സ്റ്റേഷൻ ഹൗസ് ഓഫീസർ
തീയതി : .....................................പോലീസ് സ്റ്റേഷന്
................................................................ജില്ല

പകർപ്പ്:– ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അറിവിലേക്കായി.

സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ ഞാൻ പരിശോധിച്ചിട്ടുള്ളതും, ലഭ്യമായ സ്റ്റേഷൻ രേഖകൾ കൊണ്ടും, മറ്റു വിധത്തിലും എന്റെ അറിവിലും ഉത്തമവിശ്വാസത്തിലുംപ്പെട്ടിടത്തോളം ശരിയെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : സ്റ്റേഷൻ ഹൗസ് ഓഫീസർ
തീയതി : ............................. പോലീസ് സ്റ്റേഷൻ
........................................................... ജില്ല

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 2

ലേലത്തിനുള്ള വിൽപ്പന വിളംബരം

(ചട്ടം. 5 കാണുക)

മുകളിൽ സൂചിപ്പിച്ച നിയമ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ, ചുവടെ ചേർക്കപ്പെട്ടിട്ടുള്ള പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ........................................ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ, അവകാശികളില്ലാത്തതെന്ന് കരുതുന്ന വസ്തുക്കൾ ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനായി ഇതിനാൽ .......................... ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതാണ്.

വിൽപ്പന പൊതു ലേലത്തിലായിരിക്കുകയും, അവകാശികളില്ലാത്തതായ വസ്തുക്കളും വസ്തുക്കളുടെ ഭാഗങ്ങളും പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട ഇനങ്ങളിൽ ഉൾപ്പെടുത്തി വിൽപ്പനക്കായി നീക്കിവച്ചിട്ടുള്ളതാണ്.

വിൽപ്പനക്കായുള്ള ലേലത്തിലേക്ക് പൊതുജനങ്ങൾ പൊതുവായി, നേരിട്ടോ, അംഗീകൃത ഏജന്റ് മുഖേനയോ ക്ഷണിക്കപ്പെടുന്നു.

ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനകം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ ഹാജരായി ബന്ധപ്പെട്ട രേഖകൾ സഹിതം ഏതെങ്കിലും ആൾ തന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുകയും, അയാൾക്ക് അതിന്റെ അവകാശം ഉണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ആയതിന്റെ പിടിച്ചെടുക്കലിനും സൂക്ഷിപ്പിനും നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കിയതിനു ശേഷം അത് വിട്ടുകൊടുക്കാൻ ഉത്തരവാകുന്നതാണ്.

നീട്ടിവയ്ക്കുന്നതിനുള്ള ഏതെങ്കിലും ഒരു ഉത്തരവിന്റെ അഭാവത്തിൽ വിൽപ്പന അതാത് പോലീസ് സ്റ്റേഷനുകളിൽ വച്ച് താഴെ പറയുന്ന തീയതികളിൽ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നടത്തുന്നതാണ്.

പട്ടിക

| ക്രമ നം. | വസ്തുവിന്റെ പേര് | പോലീസ് സ്റ്റേഷൻ | തീയതി | സമയം |
|---|---|---|---|---|
| | | | | |

**വിൽപ്പന സംബന്ധിച്ച നിബന്ധനകൾ**

1. പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഉത്തമ വിശ്വാസത്തിലും നൽകിയത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിനാൽ ഈ വിളംബരത്തിലെ ഏതെങ്കിലും പിശകിനോ, തെറ്റായ പ്രസ്താവനക്കോ, ഉപേക്ഷയ്ക്കോ ജില്ലാ പോലീസ് മേധാവിയോ, മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികളല്ലാതാകുന്നതും, അവരുടെ പ്രവർത്തികൾ 2011–ലെ കേരളാ പോലീസ് ആക്റ്റിലെ (2011–ലെ 8) 13–ാം വകുപ്പ് പ്രകാരം സംരക്ഷിക്കപ്പെടുന്നതായിരിക്കുന്നതുമാണ്.

2. വർദ്ധിക്കുന്ന ലേല വിളികൾക്കുള്ള തുക വിൽപ്പന നടത്തുന്ന അതാത് സ്റ്റേഷൻ ഓഫീസർമാർ തീരുമാനിക്കുന്നതാണ്. ലേലം വിളിയുടെ തുകയിലോ, ലേലം വിളിക്കുന്നവരുടെ കാര്യത്തിലോ തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉചിതമാണെന്ന് കാണുന്ന പക്ഷം ലേലനടപടികൾ പുനഃരാരംഭിച്ച് നടത്താവുന്നതാണ്.

3. ഉയർന്ന ലേലം വിളി നടത്തുന്നയാൾ ലേലത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഇനത്തിന്റെ ക്രേതാവ് ആണെങ്കിലും, അങ്ങിനെ വിളിച്ച ഉയർന്ന തുക പ്രകടമായി അപര്യാപ്തമാണെന്ന് തോന്നുകയാണെങ്കിൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആ തുക നിരാകരിക്കുന്നതിനുള്ള വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

4. മറ്റേതെങ്കിലും സാഹചര്യത്തിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം മതിയായ കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം ജില്ലാ പോലീസ് മേധാവിക്കോ ലേലം നടത്തുന്ന ഉദ്യോഗസ്ഥനോ ലേലം മാറ്റി വയ്ക്കാവുന്നതാണ്.

5. ലേലം ചെയ്ത ഇനത്തിൽപ്പെട്ട വസ്തുക്കളുടെ കാര്യത്തിൽ ഓരോ ഇനത്തിന്റേയും വില, വിൽപ്പന സമയത്തോ, ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നതു പോലെ ഉടനടി നൽകേണ്ടതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ പുനർലേലം ചെയ്ത് വിൽപ്പന നടത്തുന്നതുമാണ്.

( ആഫീസ് മുദ്ര )

ജില്ലാ പോലീസ് മേധാവി
........................................ ജില്ല
തീയതി..........................

## പട്ടിക

| ക്രമ നം. | പോലീസ് സ്റ്റേഷൻ | ലേലം ചെയ്യുന്ന വസ്തുക്കളുടെ വിവരണം (വാഹനം ആണെങ്കിൽ രജിസ്ട്രേഷൻ നം. , ഷാസി നം.) | ഉടമസ്ഥന ണ്ടെങ്കിൽ വിലാസം | 2011–ലെ കേരളാ പോലീസ് ആക്റ്റിലെ (2011–ലെ 8) 56–ാം വകുപ്പ് (2)–ാം ഉപ വകുപ്പ് പ്രകാരം ആദരണീ യരായ തദ്ദേശ കച്ചവട ക്കാരൻ നിശ്ചയിക്കുന്ന ഉദ്ദേശ കമ്പോള വില | മറ്റ് അഭിപ്രായ ങ്ങൾ |
|---|---|---|---|---|---|
| | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 3

(7–ാം ചട്ടം 1–ാം ഉപചട്ടം കാണുക)

## പെർമിറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ

അപേക്ഷകന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര് :
2. സ്ഥാപനത്തിന്റെ അല്ലെങ്കിൽ പരിശീലന കേന്ദ്രത്തിന്റെ പേര് :
3. അപേക്ഷകന്റെ ജനനത്തീയതി :
4. അച്ഛന്റെ പേര് :
5. സ്ഥിരമായ മേൽവിലാസം :
6. താൽക്കാലിക മേൽവിലാസം :
7. തദ്ദേശാധികാരിതയുള്ള പോലീസ് സ്റ്റേഷൻ :
8. കായിക പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്ന പരിസരത്തിന്റെ മേൽവിലാസം :
9. കായിക പരിശീലനം നൽകുന്നതിന് യോഗ്യതകൾ ലഭിച്ചിട്ടുള്ള പരിശീലകരുടെ പേരുകൾ (യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ഇതോടൊപ്പം ചേർക്കേണ്ടതാണ്) :
10. പരിശീലനം നേടുന്നവരുടെ പരമാവധി എണ്ണം :
11. കൊടുക്കുവാൻ ഉദ്ദേശിക്കുന്ന പരിശീലനത്തിന്റെ പൂർണ്ണ വിവരങ്ങൾ :
12. പരിശീലന കേന്ദ്രത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങൾ :
13. പരിശീലനത്തിന്റെ സമയം :
14. പരിശീലനത്തിന്റെ കാലയളവ് :
15. പരിശീലനത്തിന്റെ ആവൃത്തി (മാസത്തിൽ/വർഷത്തിൽ) :

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

കുറിപ്പ്:– അപേക്ഷകന്റെ ഉടമസ്ഥതയിലല്ലാത്ത കെട്ടിടത്തിൽ പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്ന പക്ഷം കെട്ടിട ഉടമസ്ഥന്റെ സമ്മത പത്രം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 4

(7-ാം ചട്ടം 4-ാം ഉപചട്ടം കാണുക)

## പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേര് :

2. പരിശീലന കേന്ദ്രത്തിന്റെ അല്ലെങ്കിൽ

   സ്ഥാപനത്തിന്റെ പേര് :

3. പെർമിറ്റ് നമ്പർ :

4. തദ്ദേശാധികാരിതയുള്ള പോലീസ് സ്റ്റേഷൻ :

5. നിലവിലുള്ള പെർമിറ്റ് അവസാനിക്കുന്ന

   തീയതി :

6. പരിശീലന പരിപാടിയിൽ അധികമായി

   ചേർക്കേണ്ടവ ഉണ്ടെങ്കിൽ അവ :

7. പരിശീലന ഉപകരണങ്ങളിൽ അധികമായി

   ചേർക്കേണ്ടവ ഉണ്ടെങ്കിൽ അവ :

8. കൂടുതലായി ഉൾപ്പെടുത്തിയ പരിശീലകർ :

9. പരിശീലന കേന്ദ്രത്തിന്റേയോ സ്ഥാപനത്തി-

   ന്റേയോ മേൽവിലാസത്തിൽ മാറ്റം

   ഉണ്ടെങ്കിൽ അത്. :

10. പരിശീലന കേന്ദ്രത്തിലെ ഫോൺ നമ്പർ/

    ബന്ധപ്പെടേണ്ട ഫോൺ നമ്പർ :

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 5

(7-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

## പെർമിറ്റ്

പെർമിറ്റ് നമ്പർ/.................

1. ശ്രീമാൻ/ശ്രീമതി.........................................................................താമസസ്ഥലത്തിന്റെ മേൽവിലാസം.....................................നെ.............................എന്ന കേന്ദ്രത്തിൽ/സ്ഥലത്തിൽ ...........................തീയതി മുതൽ 2 വർഷകാലത്തേക്ക് കായിക പരിശീലന പ്രവർത്തികൾ നടത്തുന്നതിനായി ഇതിനാൽ അനുവദിച്ചിട്ടുള്ളതാണ്.

2. അയാൾ/അവർ, കായിക പരിശീലന പ്രവൃത്തികൾ നടത്തുന്ന സമയം രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടാൻ പാടില്ലാത്തതാണ്.

3. ഈ ലൈസൻസ്............തീയതിയിൽ അവസാനിക്കുന്നതാണ്.

സ്ഥലം : പെർമിറ്റ് നൽകുന്ന അധികാരി

തീയതി : (മുദ്ര)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക. എ

റിപ്പോർട്ട്

(13-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

സ്വീകർത്താവ്

എസ്.എച്ച്.ഒ

…..................

…................... പോലീസ് സ്റ്റേഷൻ

ഇന്നേ ദിവസം …................................ഞാൻ..............................ഡ്യൂട്ടി നോക്കി വരവേ …......................................................സ്ഥലത്ത് എത്തിയ സമയം ഒരാൾ.....................................................

…..........................................................................................................................................................................കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണപ്പെട്ടു. ഞാൻ ടിയാനെ സമീപിച്ച് ടിയാനോട് പേരും വിലാസവും ചോദിച്ചതിൽ ടിയാൻ …..................................S/o …...................................വയസ്സ് …...........................ആണെന്നും ടിയാൻ ......................................................................................................................................................... വിലാസത്തിൽ താമസിച്ച് വരികയാണെന്നും ടിയാന്റെ ഫോൺ നമ്പർ ........................ ആണെന്ന് പറയുകയും തുടർന്ന് അന്വേഷിച്ചതിൽ ടിയാൻ പറഞ്ഞ പേരും വിലാസവും ശരിയാണെന്ന് ബോധ്യം വന്നിട്ടുള്ളതുമാണ്. ശ്രീ...................................................................................... S/o ...................... …................................. ന്റെ പ്രവൃത്തി 2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) …........................ വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യമാകയാൽ അനന്തര നടപടികൾക്കായി ഈ റിപ്പോർട്ട് ഹാജരാക്കുന്നു.

സാക്ഷികൾ

1.........................................................(പേര്)

…..........................................................................................................(മേൽവിലാസം)

…...................................... (ഫോൺ നമ്പർ)

2. …................................................... (പേര്)

…..........................................................................................................(മേൽവിലാസം)

…...................................... (ഫോൺ നമ്പർ)

തീയതി :

..................................... ഒപ്പ്

.................................................പേര്

........................................സ്ഥാനപ്പേര്

...........................................മേൽവിലാസം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക. ബി

(11-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

നമ്പർ........... ...............................പോലീസ് സ്റ്റേഷൻ

..............................................................ജില്ല

പെറ്റി കേസ് നമ്പർ...........................................ലെ പ്രതിക്കുള്ള നോട്ടീസ്

സ്വീകർത്താവ്

ശ്രീ..............................................

...................................................

...................................................

ശ്രീ...................................................S/o...................................................വയസ്സ്.............

(പൂർണ്ണ വിലാസം)..........................................................................................................................

(കുറ്റകൃത്യവിവരണം).....................................................................................................................

.................................................................................................................................................

കാണപ്പെട്ട് ബോദ്ധ്യം വന്നിട്ടുള്ളതാണ്. മേൽ വിവരിച്ച താങ്കളുടെ പ്രവൃത്തി 2011 ലെ കേരള പോലീസ് ആക്റ്റിലെ..............................വകുപ്പ് പ്രകാരം കുറ്റകരവും ടി കുറ്റത്തിന് .............വർഷം വരെ ആകാവുന്ന തടവിനോ ......................രൂപ വരെ ആകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ താങ്കൾ ശിക്ഷിക്കപ്പെടാവുന്നതാണ്. ഈ സംഗതിക്ക് താങ്കൾക്കെതിരായ കുറ്റപത്രം അനന്തരനടപടികൾക്കായി അധികാരപ്പെട്ട കോടതി മുമ്പാകെ ഈ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 30 ദിവസത്തിനകം സമർപ്പിക്കുന്നതാണ്. എന്നാൽ താങ്കൾക്ക് കുറ്റം രാജിയാക്കാൻ താല്പര്യമുണ്ടെങ്കിൽ അക്കാര്യം നിശ്ചിതഫാറത്തിലുള്ള താല്പര്യപത്ര പ്രകാരം ഉടനെ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കുറ്റകൃത്യം 2011-ലെ കേരളാ പോലീസ് ആക്റ്റിലെ (2011-ലെ 8) 126-ാം വകുപ്പുപ്രകാരം ..............രൂപ പോലീസ് വകുപ്പിന് നൽകി രാജിയാക്കാവുന്നതാണെന്ന വിവരവും ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

തീയതി : ......................................................പേര്

സ്റ്റേഷൻ ഹൗസ് ഓഫീസർ

............................പോലീസ് സ്റ്റേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക സി

### താല്പര്യ പത്രം

(12-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

പ്രേഷകൻ

...........................................
...........................................
...........................................

സ്വീകർത്താവ്

സ്റ്റേഷൻ ഹൗസ് ഓഫീസർ/ജില്ലാ പോലീസ് മേധാവി
(സ്റ്റേഷൻ ഹൗസ് ഓഫീസർ മുഖേന)
പോലീസ് സ്റ്റേഷൻ/ജില്ല

സൂചന : .................................നമ്പർ നോട്ടീസ്/........... നമ്പർ FIR

സൂചന പ്രകാരമുള്ള നോട്ടീസ്/എഫ്.ഐ.ആർ - ൽ പ്രതിപാദിക്കുന്ന കേസിന്റെ കോടതി നടപടികളുമായി മുന്നോട്ട് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 126-ാം വകുപ്പനുസരിച്ച് ......................രൂപ അടച്ച് പ്രസ്തുത കേസ് രാജിയാക്കുന്നതിന് എനിക്ക് താല്പര്യമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

തീയതി :

ഒപ്പ്
..........................................
..........................................
ഫോൺ നമ്പർ..............................

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക ഡി

(12–ാം ചട്ടം 2–ാം ഉപചട്ടം കാണുക)

നമ്പർ....................

..........................പോലീസ് സ്റ്റേഷൻ

...........................................ജില്ല

### രാജിയാക്കൽ ഉത്തരവ്

1. പെറ്റി കേസ് നമ്പർ/എഫ്.ഐ.ആർ നമ്പർ :
2. പ്രതിയുടെ പേരും പൂർണ്ണമായ മേൽവിലാസവും :
3. ............തീയതിയിലെ പ്രതിയുടെ താല്പര്യ പത്രം :
4. എസ്.എച്ച്.ഒ യുടെ ............ തീയതിയിലെ റിപ്പോർട്ട് (ഡി.പി.സി യുടെ ഉത്തരവിന് മാത്രം ബാധകം) :
5. കുറ്റം u/s .............. കേരള പോലീസ് ആക്റ്റ് 2011 :

ശ്രീ............................................................S/o ..............................................വയസ്സ്........ (പൂർണ്ണവിലാസം)................................................................................................................ ..................................................................................................ആയ താങ്കൾ.......................... തീയതി ..........................സമയത്ത്...............................................................സ്ഥലത്ത് ....................................................................... ...........................................(കുറ്റകൃത്യ വിവരണം) വാദിയാലും സാക്ഷികളാലും കാണപ്പെട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മേൽ വിവരിച്ച താങ്കളുടെ പ്രവർത്തി 2011 ലെ കേരള പോലീസ് ആക്റ്റിലെ .................................വകുപ്പ് പ്രകാരം കുറ്റകൃത്യമാകുന്നു.

തുടർന്ന് താങ്കൾക്ക് കുറ്റകൃത്യത്തെയും അതിന്റെ തുടർനടപടികളെക്കുറിച്ചും അറിവ് ലഭിച്ച ശേഷം താങ്കൾ സ്വമേധയോ .......................രൂപ അടച്ച് കേസ് തീർപ്പാക്കാനുള്ള ആഗ്രഹം രേഖാമൂലം അറിയിച്ചുകൊണ്ട് താല്പര്യപത്രം തന്നിട്ടുള്ളതിനാൽ 2011–ലെ കേരള പോലീസ് ആക്റ്റിലെ (2011–ലെ 8) 126–ാം വകുപ്പുപ്രകാരം താങ്കളിൽ നിന്നും ............... രൂപ കൈപ്പറ്റിയശേഷം ആ കേസ് രാജിയാക്കുന്നതാണ്/ഈ കേസ് രാജിയാക്കി എന്ന് തീരുമാനിക്കുന്നു.

തീയതി :

......................................ഒപ്പ്

...................................... പേര്

............................സ്ഥാനപ്പേര്

..........................മേൽവിലാസം

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.വിശ്വാസ് മേത്ത,**

അഡിഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2011 ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 129-ാം വകുപ്പ് പ്രകാരം സർക്കാരിന് ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഗസറ്റ് വിജ്ഞാപനം വഴി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരം നൽകുന്നു. ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 129-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.V.S
Date:2020.04.17 02:16:47 +05:30